**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ആവശ്യമായ പാൽ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; ഉല്പാദിപ്പിക്കുന്ന മുഴവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ; | (എ) | സംസ്ഥാനത്ത് ആവശ്യമായ പാൽ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. ഓണക്കാലം പോലുള്ള ഉത്സവ സമയങ്ങളിൽ പാലിന്റെ ആവശ്യകത ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ മാത്രമാണ് പാലിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ മാറ്റി നിർത്തിയാൽ ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്. 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്<br><br>സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന തിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ |

| | | | |
|---|---|---|---|
| | | | മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണ ത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവു നൽകി വരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീ സംഘങ്ങൾ മുഖേന വിപണനം ചെയ്തു വരുന്നുണ്ട്. |
| (ബി) | പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത എന്നത്തേക്ക് നേടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പാൽ ഉല്പാദനത്തിൽ ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ 2016-17 – ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22 ൽ 21.19 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. 53 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് അധികമുള്ള പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിന് മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.<br><br>ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി മിൽമയുടെ മേഖലായൂണിയനുകൾ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ